# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 1005** **02.12.2015 ലെ മറുപടിക്ക്**

## പാരിപ്പള്ളി ഇ.എസ്. ഐ. മെഡിക്കൽ കോളേജ്

ചോദ്യം

ശ്രീ. വി.കെ.ഗുരുദാസൻ

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ

(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(എ) ഇ.എസ്.ഐ. കോർപ്പറേഷനുമായി സംസ്ഥാന സർക്കാർ ഒപ്പുവച്ച ധാരണാ പത്രം പ്രകാരം പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിൽ അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു നൽകേണ്ടത് ഇ.എസ്.ഐ. കോർപ്പറേഷനാണ്. ആയത് അടുത്ത അധ്യയന വർഷത്തിനു മുമ്പു തന്നെ പൂർത്തിയാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) പ്രസ്തുത മെഡിക്കൽ കോളേജിൽ അഡ്മിഷൻ നടത്തുന്നതിനുവേണ്ടി സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) പ്രസ്തുത മെഡിക്കൽ കോളേജിന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അംഗീകാരം ലഭിക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ഡി) കോളേജിനാവശ്യമായ അധ്യാപകരെയും മറ്റ് സ്റ്റാഫിനെയും നിയമിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; ഇല്ലെങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

(ബി) (സി) & (ഡി):

12.10.2015 നാണ് പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവച്ചത്. തുടർന്ന് 01.12.2015 ലെ സ.ഉ.(കൈ) നം.272/15 ആ.കു.വ. പ്രകാരം പ്രസ്തുത മെഡിക്കൽ കോളേജിന്റെ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. അടുത്ത അധ്യയന വർഷം തന്നെ പ്രസ്തുത കോളേജിൽ മെഡിക്കൽ പ്രവേശനം സാധ്യമാക്കുന്നതിനായി ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം തേടിയിട്ടുണ്ട്. മെഡിക്കൽ കൗൺസിൽ നിഷ്കർഷിക്കും

പ്രകാരമുള്ള അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പിൽ സ്വീകരിച്ചു വരികയാണ്. മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചാലുടൻ പ്രസ്തുത കോളേജിൽ മെഡിക്കൽ പ്രവേശനം നടത്താൻ കഴിയും.

**സെക്ഷൻ ഓഫീസർ**